പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

15.09. 2020

# നാടോടിപ്പാട്ട് താരം ദേവികയ്ക്ക് ബാലാവകാശ കമ്മീഷന്റെ അനുമോദനം

ഹിമാചൽ പ്രദേശിലെ നാടോടിപ്പാട്ട് പാടി ദേശീയ ശ്രദ്ധ നേടിയ മലയാളി പെൺകുട്ടി ദേവികയ്ക്ക് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ അനുമോദനം. ചെയർമാൻ കെ.വി മനോജ്കുമാർ, അംഗങ്ങളായ കെ. നസീർ, സി. വിജയകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ ആർ. വേണുഗോപാൽ എന്നിവർ തിരുമല ശാന്തിനഗറിലുള്ള വീട്ടിലെത്തി ദേവികയ്ക്ക് ഉപഹാരം നൽകി.

പട്ടം കേന്ദ്രീയ വിദ്യാലയത്തിലെ ഒൻപതാം ക്ലാസ്സുകാരിയുടെ നാടോടിപ്പാട്ട് സ്കൂളിന്റെ ഫേസ് ബുക്ക് പേജിലാണ് അപ്ലോഡ് ചെയ്തത്. ഷിംലയിലെ പോപ് സിംഗർ ആയ താക്കൂർ ദാസ് രതി പാട്ട് ഷെയർ ചെയ്തതോടെ പേജിലെ സന്ദർശകരുടെ എണ്ണം വളരെ പെട്ടെന്ന് ലക്ഷങ്ങളായി മാറി. മുഖ്യമന്ത്രി ജയ്റാം ഠാക്കൂർ ദേവികയെ ഹിമാചൽ പ്രദേശിലേയ്ക്ക് ക്ഷണിച്ചിരിക്കുകയാണ്. സംസ്ഥാന ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ ക്ഷണമനുസരിച്ച് ദേവിക രാജ്ഭവനിൽ അദ്ദേഹത്തെ സന്ദർശിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി ദേവികയ്ക്ക് ആശംസകൾ അർപ്പിച്ച് ട്വീറ്റ് ചെയ്തു. ഇതുവരെ 80 ലക്ഷം പേരുടെ ഹൃദയം കവർന്നതായി ദേവിക പറഞ്ഞു. പൊതു വിദ്യാഭ്യാസ ഡയറക്ടർ കാര്യാലയത്തിലെ ജീവനക്കാരി സംഗീതയുടെ മകളാണ് ദേവിക.

**കാപ്ഷൻ** : ഹിമാചൽ പ്രദേശിലെ നാടോടിപ്പാട്ട് പാടി ദേശീയ ശ്രദ്ധ നേടിയ ദേവികയ്ക്ക് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ കെ.വി മനോജ്കുമാർ ഉപഹാരം നൽകുന്നു. കമ്മീഷൻ അംഗങ്ങളായ കെ. നസീർ, സി. വിജയകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ ആർ. വേണുഗോപാൽ എന്നിവർ സമീപം.

പബ്ലിക് റിലേഷൻസ് ഓഫീസർ